A

शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

605

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2016–17

ക്ലാസ്സ് : 6 | സാമൂഹ്യശാസ്ത്രം | സമയം: 2 മണിക്കൂർ

## *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനുട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം

പ്രവർത്തനം : 1

ഇടതൂർന്ന് വളരുന്ന കാടുകളും വിവിധതരം ജന്തുക്കളും മധ്യരേഖാ കാലാവസ്ഥാ മേഖലയുടെ പ്രത്യേകതകളാണ്. ഉയർന്ന തോതിലുള്ള മഴയും സൂര്യപ്രകാശവും ഈ കാടുകളിലെ ജീവജാലങ്ങളെ പ്രത്യേക രീതിയൽ വളർന്നു വരാൻ വഴിവെച്ചു.

എ) മധ്യരേഖാ കാലാവസ്ഥാ മേഖലയിലെ കാടുകളിലെ മരങ്ങൾ ഇല പൊഴിക്കാറില്ല.അതുകൊണ്ട് അവയ്ക്ക് നൽകിയിരിക്കുന്ന പേര് എന്ത്?

ബി) മധ്യരേഖാ മഴക്കാടുകളിലെ ജീവികൾ നിരവധി പ്രത്യേകതകൾ ഉള്ളവയാണ്. ഇവയിലധികവും മരങ്ങളെ ആശ്രയിച്ചാണ് കഴിയുന്നത്. കാടിന്റെ എന്തെല്ലാം പ്രത്യേകതകളാണ് ജന്തുക്കൾ മരങ്ങളെ ആശ്രയിക്കാൻ കാരണമാവുന്നത്?

സി) മധ്യരേഖാ മഴക്കാടുകളിൽ പലയിനം കുരങ്ങുകൾ കാണപ്പെടുന്നു. അവയിൽ ഏതെങ്കിലും ഒരിനം കുരങ്ങിന്റെ പേര് എഴുതുക?

പ്രവർത്തനം : 2

എ) ഭൂമിയുടെ സൂര്യനുചുറ്റുമുള്ള സഞ്ചാരം കാലാവസ്ഥയെ എങ്ങനെയെല്ലാം സ്വാധീനിക്കുന്നു?

ബി)

**ഊട്ടിയിൽ വസന്തോൽസവം**

**ഊട്ടിയിൽ പൂക്കളുടെ മായിക പ്രപഞ്ചം കാണാൻ സഞ്ചാരികളുടെ പ്രവാഹം**

**കൊടുംവരൾച്ച**

**പാലക്കാട്ടെ നെൽപാടങ്ങളിൽ നെല്ല് കരിഞ്ഞ് ഉണങ്ങുന്നു**

**അന്തരീക്ഷതാപം ഉയരുന്നു**

**അന്റാർട്ടിക്കയിൽ മഞ്ഞുരുകൽ ലോകരാജ്യങ്ങൾ ആശങ്കയിൽ**

പത്രവാർത്തകൾ വിശകലനം ചെയ്ത് പ്രകൃതിയിലുണ്ടായ മാറ്റങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക

## പ്രവർത്തനം : 3

എ)



ചിത്രം 1



ചിത്രം 2

മധ്യകാലഘട്ടത്തിൽ ഇന്ത്യയിൽ നിർമ്മിച്ച ക്ഷേത്രങ്ങളാണിവ. ഏതെല്ലാം എന്ന് കണ്ടെത്തുക?

ബി) ഇന്ത്യയിൽ കാണുന്ന ക്ഷേത്രനിർമ്മാണ രീതി വിവിധഘട്ടങ്ങളിലൂടെയാണ് വികാസം പ്രാപിച്ചത്. വിശദമാക്കുക

## പ്രവർത്തനം : 4

വടക്കേ അമേരിക്ക, യുറേഷ്യ എന്നീ വൻകരകളുടെ വടക്ക് ഭാഗത്ത് മഞ്ഞ്മൂടിക്കിടക്കുന്ന പ്രദേശത്ത് വസിക്കുന്നവരാണ് ഇന്യൂട്ടുകൾ

എ) നമ്മൾ ഭവനനിർമ്മാണത്തിന് ഉപയോഗിക്കുന്ന വസ്തുക്കളും ഇന്യൂട്ടുകൾ അവരുടെ ഭവനനിർമ്മാണത്തിന് ഉപയോഗിക്കുന്ന വസ്തുക്കളും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക?

ബി) നീണ്ടുനിൽക്കുന്ന അതിശൈത്യത്തെ ഇവർ എങ്ങനെയാണ് അതി ജീവിക്കുന്നത്?

സി) മഞ്ഞുകട്ടകൾ കൊണ്ട് ഇവർ നിർമ്മിക്കുന്ന വാസസ്ഥലത്തിന് പറയുന്ന പേര് ?

## പ്രവർത്തനം : 5

എ)



മധ്യകാല ഇന്ത്യയിൽ രൂപം കൊണ്ട സംഗീതോപകരണങ്ങളാണിവ. ഏതെല്ലാം?

ബി) മധ്യകാല ഇന്ത്യയിൽ സംഗീതരംഗത്ത് ഉണ്ടായ പുരോഗതി എന്തെല്ലാം ? ( ഏതെങ്കിലും മൂന്ന് എണ്ണം എഴുതുക)

പ്രവർത്തനം : 6

CE5-ാം നൂറ്റാണ്ടു മുതൽ 15-ാം നൂറ്റാണ്ടുവരെ യൂറോപ്പിലെ ജനങ്ങൾ നിരന്തരം ആക്രമണങ്ങൾക്ക് വിധേയരായി. ഇതിൽനിന്ന് രക്ഷ നേടാൻ വേണ്ടി രാജാവ് പുതിയ സാമൂഹ്യവ്യവസ്ഥിതി രൂപീകരിച്ചു.

എ)




ഡയഗ്രത്തിൽ മധ്യകാലയൂറോപ്യൻ സമൂഹത്തിലെ മറ്റ് വിഭാഗങ്ങൾ ചേർക്കുക?

ബി) ഫ്യൂഡൽ വ്യവസ്ഥിതിയും, മധ്യകാല യൂറോപ്യൻ സമൂഹത്തിലെ കർഷകരുടെ അവസ്ഥയും വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക

..............................